പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3248 20.06.2014- ൽ മറുപടിക്ക്

സ്നേഹപൂർവ്വം പദ്ധതി

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന, മാതാപിതാക്കളില്ലാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന, സ്നേഹപൂർവ്വം പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരണപ്പെടുകയും, ജീവിച്ചിരിക്കുന്ന ആൾക്ക് ആരോഗ്യ പരമായോ, സാമ്പത്തികമായോ, സംരക്ഷിക്കാൻ കഴിവില്ലാതെ സ്വഭവനങ്ങളിൽ/ ബന്ധു ഭവനങ്ങളിൽ താമസിച്ച് സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന വരുമായ കുട്ടികൾക്കാണ് സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗര പ്രദേശങ്ങളിൽ 22,375/- രൂപ വരെയും വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ ബിരുദതലം വരെ പഠിക്കുന്ന കുട്ടികൾക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. 5-ാം ക്ലാസ്സ് വരെ പഠിക്കുന്നവർക്ക് പ്രതിമാസം 300/- രൂപ നിരക്കിലും 6 മുതൽ 10 വരെ പ്രതിമാസം 500/- രൂപ നിരക്കിലും +1,+2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750/- രൂപ നിരക്കിലും ഡിഗ്രി/പ്രൊഫഷണൽ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിലും ധനസഹായം നൽകുന്നു. |
| (ബി) | കഴിഞ്ഞ അധ്യായന വർഷം ഈ പദ്ധതിയിൽ എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് സ്കോളർഷിപ്പ് നൽകി; | (ബി) | 40,000 ത്തിൽ പരം അപേക്ഷകൾ ലഭിച്ചു. അർഹതയുള്ള 20,020 പേർക്ക് ധനസഹായം അനുവദിച്ചു. |

| | | | |
|---|---|---|---|
| (സി) | സ്നേഹപൂർവ്വം പദ്ധതിയിൽ അപേക്ഷിച്ച പല വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിച്ച അപേക്ഷകളിൽ അനർഹരെ ഒഴിവാക്കിയ ശേഷം അർഹരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ